"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കടയ്ക്കാമൺ തടി ഡിപ്പോയിൽ നിന്നും ലേലംകൊണ്ട ലോട്ടുകൾ യഥാസമയം നീക്കം ചെയ്യാൻ കഴിയാതിരുന്ന ശ്രീ.അബ്ദുൾ കരീം എന്നയാൾക്ക് കാലതാമസം മാപ്പാക്കി നൽകി തടി വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.114/2025/F&WLD തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:-

1. ശ്രീ.അബ്ദുൾ കരീം, എൻ.സി ട്രേഡേഴ്സ്, കല്ലായി, കോഴിക്കോട് എന്നയാൾ 09/12/2024-ൽ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)ന്റെ 17/02/2025-ലെ പ്രൊ(5)-24/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കടയ്ക്കാമൺ ഡിപ്പോയിൽ 06.07.24 - ൽ നടന്ന 14482/2024-25 നമ്പർ ഇ-ലേലത്തിൽ ശ്രീ.അബ്ദുൾ കരീം, എൻ.സി ട്രേഡേഴ്സ്, കല്ലായി, കോഴിക്കോട് എന്ന വ്യക്തി 3 ലോട്ട് തടി ലേലംകൊണ്ട് പാർട്ട് വാല്യൂ ഒടുക്കിയെങ്കിലും ഭാര്യയുടെ കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് ബാക്കി തുകകളും, നിയമാനുസൃത നികുതികളും ഒടുക്കി യഥാസമയം തടി നീക്കം ചെയ്യാൻ കഴിയാതെ വന്നുവെന്നും പ്രസ്തുത കാലതാമസം മാപ്പാക്കി, തടി വിട്ടുനൽകുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം 1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2) ശ്രീ.അബ്ദുൾ കരീം സമർപ്പിച്ച അപേക്ഷയോടൊപ്പം ടിയാന്റെ ഭാര്യയുടെ ചികിത്സയുടെ രേഖകൾ സമർപ്പിച്ചത് പരിശോധിച്ചതിൽ നിന്നും ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും, ശ്രീ.അബ്ദുൾ കരീം ഒടുക്കേണ്ടിയിരുന്ന ബാക്കി തുകയും, നാളിതുവരെയുള്ള പിഴ പലിശയും, സർചാർജ്ജും, തറവാടകയും, നികുതികളും ഈടാക്കി തടി നീക്കം ചെയ്യുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി, തടി വിട്ടു നൽകുന്നതിന് അനുമതി നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കടയ്ക്കാമൺ തടി ഡിപ്പോയിൽ 06.07.2024 തീയതിയിൽ നടന്ന ഇ-ലേലത്തിൽ ശ്രീ.അബ്ദുൾ കരീം എന്നയാൾ ലേലംകൊണ്ട 3 ലോട്ട് തടിയുടെ ബാക്കി തുക അടച്ച് തടി നീക്കം ചെയ്യാനാകാത്തത് ടിയാളുടെ ഭാര്യയുടെ കാൻസർ ചികിത്സയുടെ തിരക്കുകൾകൊണ്ടായതിനാൽ, മാനുഷിക പരിഗണന നൽകി വിഷയം പ്രത്യേക കേസായി പരിഗണിച്ച്, കോഴിക്കോട്, കല്ലായിയിലുള്ള എൻ.സി

ട്രേഡേഴ്സ് ഉടമ ശ്രീ.അബ്ദുൾ കരീം എന്നയാൾ ഒടുക്കേണ്ടിയിരുന്ന ബാക്കി തുകയും, **14.12.2024** വരെയുള്ള പിഴ പലിശയും, സർചാർജ്ജും, തറവാടകയും, നികുതികളും ഈടാക്കി, തടി നീക്കം ചെയ്യുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി, തടി വിട്ടു നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇതിനോടനുബന്ധിച്ച നടപടികൾ എത്രയും വേഗം പൂർത്തീകരിച്ചു സർക്കാരിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PRAMOD V R**

ജോയിന്റ് സെക്രട്ടറി

ശ്രീ.അബ്ദുൾ കരീം, എൻ.സി ട്രേഡേഴ്സ്, കല്ലായി, കോഴിക്കോട്

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ), തിരുവനന്തപുരം.

ധനവകുപ്പ് (3070277/Agri-A1/46/2025-FIN dated 12/3/2025 പ്രകാരം)

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Ramjan P A

Date: 21-03-2025 13:39:34

സെക്ഷൻ ഓഫീസർ